**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6654** **21-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ അന്തിയൂർക്കോണം കല്ലുവരമ്പ് പാലം, അന്നപ്പാട് പാലം, കല്ലുപാലം എന്നിവ പുനർനിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ അന്തിയൂർക്കോണം കല്ലുവരമ്പ് പാലം നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. കല്ലുവരമ്പ് പാലം, അണപ്പാട് പാലം, കല്ലുപാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് നൽകുന്നതിനായി കാട്ടാക്കട താലൂക്ക് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. പാലം നിർമ്മാണ ത്തിനാവശ്യമായ പുറമ്പോക്ക് ഭൂമി ലഭ്യമായെങ്കിൽ മാത്രമേ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പാലങ്ങൾ ഈ വർഷത്തെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ (ഇ 6918471) സ്വീകരിച്ച നടപടികൾ അറിയിക്കുമോ; നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ